# Academic Master Plan 2025-26

St.George’s U P School Kallanickal

# ആമുഖം

പൊതു വിദ്യാലയങ്ങൾ - മികവിന്റെ കേന്ദ്രങ്ങളായി മാറുന്ന പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്, ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരുന്നത്.

പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർപ്ലാനിന്റെ പ്രധാനം ലക്ഷ്യം. എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ, വിദ്യാലയത്തിന് മികച്ച വഴികാട്ടിയാവുമെന്നുറപ്പാണ്

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർപ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

# <u>CLASS – 1</u>

## ***<u>ENGLISH</u>***

**Learning Objectives**

### Unit 1 , Honk Honk Toot Toot

- listen to narratives & teacher talks and show signs of understanding verbally &
  non-verbally.
- Get familiarised with words denoting familiar vehicles, animals and birds.
- Get familiarised with words denoting colours and numbers (1-10)
- Get familiarised with words denoting possession (has/have).
- Identify the letters with their sounds.
- Comprehend the instructions of the teacher and respond accordingly.
- Identify and describe familiar vehicles, animals and birds.
- Get familiarised with words denoting parts of vehicles.
- .Get familiarised with phatic communication expressions such as, Hello, I'm sorry,
- Thank you, Bye, etc.
- Get familiarised with the rhythm and pattern of songs
- Add your own lines to a given song by substituting words/ phrases.
- identify the letters with their sounds.
- .Describe familiar objects orally stating physical attributes such as size, colour etc.
- Read conversations, songs & simple descriptions graphically.
- Construct dialogues related to specific contexts using fragmentary expressions or
- mixed with the mother tongue.
- Develop an attitude toward helping others.
- Develop ideas related to following traffic rules.

### Unit 2 Back to Green

- Listen to narratives & teacher talks and show signs of understanding verbally & non-verbally.
- Get familiarised with words denoting familiar vehicles, animals and birds.
- Get familiarised with words denoting colours and numbers (1-10)
- Get familiarised with words denoting Unit 3possession (has/have).
- Identify the sound values of letters and letter clusters.
- Comprehend the instructions of the teacher and respond accordingly.

- Identify and describe familiar objects, animals and birds.
- Get familiarised with action words such as walk, fly, come fall etc.
- Get familiarised with phatic communication expressions such as, Hi, Hello, I'm sorry, Thankyou, Bye, etc.
- Get familiarised with the rhythm and pattern of songs.
- Add their own lines to a given song by substituting words/ phrases.
- Describe familiar objects orally stating physical attributes such as size, colour etc.
- Read conversations, songs & simple descriptions graphically.
- Construct dialogues related to specific contexts using fragmentary expressions.
- Develop a positive attitude towards socialisation and friendship.

- **Unit 3 Meow**
- Listen to narratives & teacher talks and show signs of understanding verbally &
  non-verbally.,
- Get familiarised with words denoting familiar animals, birds and household things.
- Get familiarised with words denoting colours, size, location, and numbers (1-10)
- Get familiarised with words denoting possession (has/have), ability,and qualities.
- Identify the sound values of letters and letter clusters.
- Comprehend the instructions of the teacher and respond accordingly.
- Identify and describe familiar objects, animals and birds, household things etc.
- Get familiarised with action words such as walk, fly, come, jump, say, fall etc.
- Get familiarised with phatic communication expressions such as, Hi, Hello, I'm
- sorry, Thank you, Bye, etc.
- Get familiarised with the rhythm and pattern of songs.
- Add their own lines to a given song by substituting words/ phrases.
- Describe familiar objects orally stating physical attributes such as size, colour
  etc.
- Read conversations, songs & simple descriptions graphically.
- Write descriptions, dialogues related to specific contexts using structured or
- fragmentary expressions.

- Develop a positive attitude toward socialisation and friendship.
- Engage in skit and choreography, etc.

**Unit 4 The Team Rain**

- Listen to narratives & teacher talks and show signs of understanding verbally &non-verbally.
- Get familiarised with words denoting nature and fantasy world.
- Get familiarised with words denoting colours,

# *മലയാളം*

## പഠനലക്ഷ്യങ്ങൾ

### യൂണിറ്റ് -1 പറവ പാറി

- കഥാവേളകളിൽ ചെറുസദസിനു മുൻപിൽ കഥ ഭാവാത്മകമായി പറയുന്നു.

- കേട്ടതോ വായിച്ചതോ ആയ കഥകൾ ആശയ ചോർച്ചയില്ലാതെയും ഭാവം ഉൾക്കൊണ്ടും സ്വന്തം ഭാഷയിൽ അവതരിപ്പിക്കുന്നു.

### യൂണിറ്റ് 2 പൂവ് ചിരിച്ചു

- അംഗീകൃത രീതിയിൽ (അക്ഷരങ്ങളുടെ വലുപ്പം, ഘടന, ആലേഖന ക്രമം ) മലയാളം ലിപികൾ സഹായ ത്തോടെ എഴുതി വാക്കുകളും ചെറു വാക്യങ്ങളും പൂർത്തിയാക്കുക.

- അക്ഷരങ്ങളുടെയും വാക്കുകളുടെയും പുനരനുഭവ സന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നതിനും ഒറ്റയ്ക്കും കൂട്ടായും മുതിർന്നവരുടെ സഹായത്തോടെയും താരതമ്യം ചെയ്ത് തെറ്റുകൾ തിരുത്തി മെച്ചപ്പെടുത്തുന്ന തിനും കഴിയുക.

- പരിചിതാക്ഷരങ്ങളുള്ള ലഘുവാക്യങ്ങൾ, പദങ്ങൾ എന്നിവ ഒറ്റയ്ക്കും സഹായത്തോടെയും വായിക്കുക

### യൂണിറ്റ് 3 മാനത്ത് പട്ടം

- ഓരോ ദിവസത്തെയും മനസ്സിൽ തങ്ങിയ അനുഭവങ്ങളുമായി ബന്ധപ്പെട്ട പ്രധാനകാര്യങ്ങൾ ചെറുവാക്യങ്ങളിൽ ചിത്രീകരണസഹിതം സഹായത്തോടെ ഡയറിരൂപത്തിൽ രേഖപ്പെടുത്തുന്നു.

- കഥാവേളകളിൽ ചെറു സദസ്സിനു മുമ്പാകെ കഥ ഭാവാത്മകമായി പറയുന്നു.

- കേട്ടതോ വായിച്ചതോ ആയ കഥകൾ ആശയച്ചോർച്ചയില്ലാതെയും ഭാവം ഉൾക്കൊണ്ടും സ്വന്തം ഭഷയിൽ അവതരിപ്പിക്കുന്നു.

### യൂണിറ്റ് 4 പിറന്നാൾ സമ്മാനം

- നാട്ടുജീവികളിൽ വീട്ടിൽ വളർത്തുന്നവ യും അല്ലാത്തവയും ഉണ്ട്
- വളർത്തു ജീവികൾ മനുഷ്യരോട് ഇണങ്ങി ജീവിക്കുന്നു
- വ്യത്യസ്ത ആവശ്യങ്ങൾ ക്ക് വേണ്ടി ജീവികളെ വളർത്തുന്നു

### യൂണിറ്റ് 5  മണ്ണിലും മരത്തിലും

- കേട്ട കഥയിലെ സന്ദർഭങ്ങൾക്കനുസരിച്ച് കഥാപാത്രത്തിന്റെ ചിന്തകൾ പ്രവർത്തികൾ എന്നിവ കണ്ട ത്തി പറയുന്നതിന്

- അംഗീകൃത രീതിയിൽ (അക്ഷരങ്ങളുടെ വലുപ്പം, ഘടന, ആലേഖന ക്രമം) മലയാളം ലിപികൾ സഹായ ത്തോടെ എഴുതി വാക്കുകളും ചെറുവാക്യങ്ങളും പൂർത്തിയാക്കുന്നു.

• പരിചിത അക്ഷരങ്ങൾ ഉള്ള ലഘുവാക്യങ്ങൾ പദങ്ങൾ എന്നിവ ഒറ്റയ്ക്കും സഹായത്തോടെയും വായിക്കുന്നു.

• ആശയ വ്യക്തിതയോടെയും ഉച്ചാരണ വ്യക്തതയോടെയും ഉചിതമായ ശബ്ദ വ്യതിയാനത്തോടെയും വാ യിക്കൽ

• കഥയിലെ നിശ്ചിത സന്ദർഭത്തെ ആസ്പദമാക്കി കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണങ്ങൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.

# *ഗണിതം*

## പഠനലക്ഷ്യങ്ങൾ

### യൂണിറ്റ്- 1 വരമേളം

- ചുറ്റുപാടും നിരീക്ഷിച്ച് ദ്വിമാന, ത്രിമാന രൂപങ്ങൾ തിരിച്ചറിയുകയും തരംതിരിക്കുകയും ചെയ്യുക.
- രൂപങ്ങൾ ആകൃതിക്കനുസരിച്ച്തരംതിരിക്കുക.
- ചിത്രങ്ങൾക്ക് നിറം കൊടുക്കുകയും, ചിത്ര പാറ്റേണുകൾ പൂർത്തീകരിക്കുകയും
- നിറം നൽകുകയും ചെയ്യുന്നു

### യൂണിറ്റ്- 2 തിത്തിരി കിളിയും ചങ്ങാതിമാരും

- ചുറ്റുപാടും നിരീക്ഷിച്ച് വസ്തുക്കളുടെ സ്ഥലം, സ്ഥാനം എന്നിവ കണ്ടെത്തുക.
- ആകൃതി, വലുപ്പം എന്നിവ താരതമ്യം ചെയ്യുക. അവയെ സൂചിപ്പിക്കുന്ന ഉചിതപദങ്ങൾ പുതിയ സന്ദർഭങ്ങളിൽ ഉപയോഗിക്കുക.
- ഒരു കൂട്ടത്തിൽ നിന്നും നിശ്ചിത എണ്ണം എണ്ണിയെടുക്കുക. (1 മുതൽ 5 വരെ)
- 1 മുതൽ 5 വരെ സംഖ്യകൾ വായിക്കുക, എഴുതുക.
- 1 മുതൽ 5 വരെയുള്ള സംഖ്യകളിൽ ചെറുത്/വലുത് കണ്ടെത്തുക.
- 1 മുതൽ 5 വരെ സംഖ്യകളെ വ്യത്യസ്ത തരത്തിൽ കൂട്ടങ്ങളാക്കുക.

### യൂണിറ്റ്- 3 നടന്ന് നടന്നങ്ങനെ

- 0 മുതൽ 9 വരെയുള്ള സംംഖ്യകൾ വായിക്കുകയും എഴുതുകയും ചെയ്യുക.
- സംഖ്യകൾ താരതമ്യം ചെയ്ത് ചെറുത് / വലുത് കണ്ടെത്തുക.
- ഒരു കൂട്ടത്തിൽ നിന്ന് നിശ്ചിത എണ്ണം എണ്ണി എടുക്കുക (9 വരെ). നിത്യജീവിതവുമായി ബന്ധപ്പെട്ട് 9 വരെയുള്ള സംംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനംം ചെയ്യുക.
- ലഘു പ്രായോഗികപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുക.
- വസ്തുക്കൾ, ചിത്രങ്ങൾ എന്നിവ നിരീക്ഷിച്ചും താരതമ്യപദങ്ങൾ ഉപയോഗിച്ചു
  വിശദമാക്കാനും കഴിയുക.
- കൂട്ടങ്ങളെ വ്യത്യസ്ത രീതിയിൽ ക്രമീകരിക്കാനും പറയാനും കഴിയുന്നു

### യൂണിറ്റ് - 4 ആമിയുടെ പിറന്നാൾ

- നിത്യജീവിതവുമായി ബന്ധപ്പെട്ട് 1 മുതൽ 20 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട
- ആശയങ്ങൾ വിശകലനംം ചെയ്യുക. പ്രശ്നങ്ങൾ പരിഹരിക്കുക.
- ഒരു കൂട്ടം വസ്തുക്കളിൽ നിന്നും നിശ്ചിത എണ്ണം എണ്ണിയെടുക്കുക.
- 1 മുതൽ 20 വരെയുള്ള സംഖ്യകൾ താരതമ്യം ചെയ്ത് ചെറുത്/വലുത് കണ്ടെത്തുക. ക്രമീകരിക്കുക.

### യൂണിറ്റ് - 5 പൂക്കാലം വന്നേ

- നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രായോഗികപ്രശ്നങ്ങൾ വിശകലനം ചെയ്യുന്ന
- തിനും. അപഗ്രഥിക്കുന്നതിനും, നിർധാരണം ചെയ്യുന്നതിനും കഴിയുക. ഇതിനായി
- സങ്കലന, വ്യവകലന ക്രിയകൾ ഉപയോഗപ്പെടുത്തുക.

# CLASS – 2

## *ENGLISH*

## Learning Objectives

### Unit 1 An Umbrella For All .

- Listen to narratives & teacher talks and understand them.
- Get familiarised with words denoting familiar animals, birds, and household things.
- Get familiarised with expressions having auxiliary function.
- Get familiarised with phatic communication expressions such as, Hi, Hello, I'm sorry, Thank you,Bye, etc.
- Get familiarised with the rhythm and pattern of songs.
- Respond to teacher talk and interactions in the target language.
- Describe events and objects orally using action verbs and words denoting physical attributes, location, etc.
- Describe familiar objects, animals and birds, household things, etc..
- Describe past events and events in progression using appropriate forms of verbs.
- Read and comprehend simple stories, songs & conversational pieces.
- Read and enjoy the supplementary stories by themselves.
- Critically analyse contexts and respond orally.
- Write descriptions, thoughts and dialogues related to specific contexts using structured
- expressions.
- Add their own lines to a given song by substituting phrases/ lines.
- develop a positive attitude toward socialisation and friendship.
- Engage in and perform skits and choreography.

### Unit 2 A piece of cake.

- Identifying objects/persons
- Speaking/writing about attributes
- Using possessives and describing words.
- Describing events using action words in present and past.
- .Following spacing between words & using full stop, question marks, etc. in writing
- Understanding the structure of simple sentences
- Getting ideas of capitalization, spacing between words, full stop, and question marks.
- Add more lines .
- Description
- .Answer the questions ..Find out the differences.
- Fill in the blanks.
- Role play.

## Unit 3 The Village of Birds.

1. Listening and Speaking

- Develop the ability to listen to|stories and comprehend the sequence of events.
- Respond|orally to simple questions based on the story.
- Retell the story or parts of it in their own words.
- Use appropriate expressions and intonation \while reading dialogues aloud.

2. Reading

- Identify and read familiar sight words and short sentences.
- Read the story with the help of pictures and context clues.
- Predict story outcomes using visual hints.
- Recognize punctuation and read with correct pauses.

3. Vocabulary Development.

- Understand and use theme-related words (cake,
- hungry, animals, forest, etc.)
- Learn descriptive words (sweet,big, yummy, etc.)
- Identify rhyming and similar-sounding words if present in the poem/story.

4. Writing

- Trace, copy and write simple sentences or dialogues from the story.
- Complete sentences using words from the story.
- Matchwords with pictures.
- Attempt guided writing such as completing a conversation or
- filling missing words.

5. Values and Life Skills

- Understand and express the value of sharing and caring.
- Identify actions that are kind/unfair within the story.
- Appreciate helping and respecting others.(animals/people).

6. Creative Expression participates in story dramatisation or role play.

- Draw or colour scenes from the story.
- Create new endings or imagine "What if" scenarios.

# ***മലയാളം***

**പഠനലക്ഷ്യങ്ങൾ**

**യൂണിറ്റ് 1: മഴയോ മഴ**

- പാട്ടിന്റെ ഈണം കണ്ടെത്തി ആംഗ്യവും താളവും ഭാവവും ഉൾപ്പെടുത്തി ഒറ്റയ്ക്കും സംഘമായും അവതരി പ്പിക്കുന്നു.
- പാഠഭാഗത്തെ വരികൾ വ്യാഖ്യാനിക്കുകയും ആശയം ഗ്രഹിക്കുകയും ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയും ചെയ്യുന്നു.
- കഥകൾ പറയുകയും കേൾക്കുകയും നി ർമ്മിക്കുകയും ശേഖരി കയും ചെയ്തുകൊണ്ട് ചെറുകഥാ രചനയിൽ ഏർപ്പെടുന്നു .
- നൽകിയിട്ടുള്ള വാ യനാസാമഗ്രികൾ വായിച്ച് ആശയം ഗ്രഹിക്കുകയും വ്യക്തിപരമായ അനുഭവങ്ങൾ രേഖാരൂപത്തിൽ അവതരിപ്പിക്കുകയും ചെയ്യുന്നു .
- മഴയുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ പരി ചയപ്പെടുന്നു. കൂടുതൽ ശേഖരിക്കുന്നു. അവ രേഖപ്പെടുത്തുകയും ക്ലാസ്സിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.
- ആത്മകഥാപരമായ രചനകൾ വായിക്കുകയും ആശയം ഗ്രഹിക്കുകയും ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയും ചെയ്യുന്നു.
- സവിശേഷതകൾ ഉൾക്കൊണ്ട് ഒരു സം ഭാഷണം തയ്യാറാക്കുന്നു.
- പോസ്റ്റർ വാക്യങ്ങളുടെ പ്രസക്തി മനസ്സിലാക്കുന്നു. പോസ്റ്റർ നിർമ്മാണത്തിൽ ഏർപ്പെടുന്നു.
- കടങ്കഥകൾ വായിക്കുകയും കേൾക്കുകയും ശേഖരിക്കുകയും ചെയ്തു കൊണ്ട് കടങ്കഥാ മത്സരത്തിൽ ഏർപ്പെടുന്നു.

**പരിസരപഠനം**

- ജലവുമായി ബന്ധപ്പെട്ട വ്യത്യസ്ത പഠന വിഷയങ്ങളിൽ ഏർപ്പെടുകയും നിരീക്ഷണങ്ങളും കണ്ടെത്തലുകളും രേഖപ്പെടുത്തുകയും ചെയ്യുന്നു.
- നിരീക്ഷണത്തിലൂടെയും അനുഭവങ്ങളിലൂടെയും അടുത്തുള്ള ജലസ്രോതസ്സുകൾ തിരിച്ചറിയുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു.
- ജലസ്രോതസ്സുകൾ മലിനമാകുന്ന വ്യത്യസ്ത സാഹചര്യങ്ങൾ തിരിച്ചറിയുകയും ജലസ്രോതസ്സ് സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു.

**കലാ കായിക പ്രവൃത്തി പരിചയം**

- ചിത്രങ്ങൾ വരയ്ക്കുകയും ഉചിതമായ നിറങ്ങൾ നൽകുകയും ചെയ്യുന്നു.
- കവിതയിലെ ആശയങ്ങൾ അഭിനയിച്ചു കാണിക്കുന്നു.
- ഒറിഗാമി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

**യൂണിറ്റ് 2 നന്നായ് ഉണ്ണാൻ**

- കഥകളും കവിതകളും വായിച്ച് ആസ്വദിക്കുന്നു. ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നു.
- കവിതയ്ക്ക് വരികൾ കൂട്ടിച്ചേർക്കുന്നു. ഈണത്തിലും താളത്തിലും ഒറ്റയ്ക്കും സംഘമായും പാടി അവതരിപ്പിക്കുന്നു.
- ഒരു ചിത്രകഥയെ കഥയാക്കി മാറ്റുന്നു.

**പരിസരപഠനം**

- കാർഷിക ഉപകരണങ്ങൾ നേരിട്ടുള്ള അനുഭവങ്ങളിലൂടെയും നിരീക്ഷങ്ങളിലൂടെയും തിരിച്ചറിയുന്നു. അവയുടെ ഉപയോഗങ്ങൾ കണ്ടെത്തുകയും പട്ടിക പ്പെടുത്തുകയും ചെയ്യുന്നു.
- ചുറ്റുപാടുകൾ നിരീക്ഷിച്ചും ഗവേഷണം ചെയ്തും, ചിത്രങ്ങളും വീഡിയോകളും കണ്ടും വിവിധ മൃഗങ്ങൾക്ക് ഭക്ഷണമായി വർത്തിക്കുന്ന കാർഷിക വിളകൾ പട്ടികപ്പെടുത്തുന്നു.

**കലാ കായിക പ്രവൃത്തിപരിചയം**

- കഥയിലെ ഇഷ്ടപ്പെട്ട ഭാഗങ്ങൾ ചിത്രങ്ങളാക്കി മാറ്റൽ
- കളിമണ്ണ് / മാവ് ഇവ ഉപയോഗിച്ച് പഴങ്ങളുടേയും പച്ചക്കറികളുടേയും മാതൃകകൾ നിർമ്മിക്കുന്നു.

**യൂണിറ്റ് 3 എന്താണമ്മേ സ്വാതന്ത്ര്യം**

- ലഘു ലേഖനങ്ങളും വാർത്തകളും വായിച്ച് ആശയം ഗ്രഹിക്കുകയും ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുകയും ചെയ്യുന്നു.
- പുതിയ പദങ്ങൾ കണ്ടെത്തുകയും അവ വാക്യങ്ങളിൽ ഉപയോഗിക്കുകയും ചെയ്യുന്നു.
- സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാടുകൾ ലഘുവാക്യങ്ങളിൽ എഴുതുന്നു.
- ദേശഭക്തിഗാനങ്ങൾ പാടുകയും അതിലെ ആശയങ്ങൾ ചർച്ച ചെയ്യുകയും ചെയ്യുന്നു.

**പരിസരപഠനം**

- ദേശീയ ചിഹ്നങ്ങളും അവയുടെ പ്രാധാന്യവും തിരിച്ചറിയുന്നു.
- ദേശീയ ആഘോഷങ്ങളിൽ പങ്കാളിയാകുകയും അവയുടെ ചരിത്രപരമായ പ്രാധാന്യം മനസ്സിലാക്കുകയും ചെയ്യുക.

**കലാകായിക പ്രവൃത്തിപരിചയം**

- ദേശീയ ചിഹ്നങ്ങളുടെ ചിത്രങ്ങൾ വരയ്ക്കുകയും നിറം നൽകുകയും ചെയ്യുന്നു.
- ദേശഭക്തിഗാനങ്ങൾക്ക് അനുസരിച്ച് നൃത്തം ചെയ്യുകയും താളബോധം പ്രകടിപ്പിക്കുകയും ചെയ്യുന്നു.

**യൂണിറ്റ് 4 പൂരം പൊടിപൂരം**

- ഉത്സവങ്ങളെയും ആഘോഷങ്ങളെയും കുറിച്ച് വിവരിക്കാൻ കഴിവ് നേടുന്നു. ഉത്സവങ്ങളുമായി ബന്ധപ്പെട്ട പദങ്ങളും പ്രയോഗങ്ങളും പരിചയപ്പെടുന്നു.
- ഉത്സവങ്ങളെക്കുറിച്ച് ലഘു വിവരണങ്ങൾ എഴുതുന്നു.
- ചിത്രങ്ങളിലൂടെയും മറ്റ് ദൃശ്യങ്ങളിലൂടെയും ഉത്സവ അനുഭവം പങ്കു വയ്ക്കുന്നു.

പരിസരപഠനം

- പ്രാദേശിക ഉത്സവങ്ങളേയും ആചാരങ്ങളേയും കുറിച്ച് മനസ്സിലാക്കുന്നു.
- വിവിധതരം മൃഗങ്ങളെയും പക്ഷികളേയും (ഉത്സവങ്ങളിൽ കാണുന്നവ) തിരിച്ചറിയുന്നു.

കലാകായിക പ്രവൃത്തിപരിചയം

- ഉത്സവചിത്രങ്ങൾ വരയ്ക്കുകയും നിറം നൽകുകയും ചെയ്യുന്നു.
- ചെണ്ടമേളത്തിന്റെ താളം അനുകരിക്കാൻ ശ്രമിക്കുന്നു.

യൂണിറ്റ്  5 രുചിമേളം

- വ്യത്യസ്ത ഭക്ഷണപദാർത്ഥങ്ങളെയും അവയുടെ രുചികളെയും കുറിച്ച് മനസ്സിലാക്കുന്നു.
- ഇഷ്ടപ്പെട്ട ഭക്ഷണത്തെക്കുറിച്ച് ലഘുവിവരണങ്ങൾ എഴുതുന്നു.
- ആരോഗ്യകരമായ ഭക്ഷണ ശീലങ്ങളെക്കുറിച്ച് ധാരണ നേടുന്നു.
- പാചകക്കുറിപ്പുകൾ വായിക്കുകയും ലളിതമായവ തയ്യാറാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

പരിസരപഠനം

- ഭക്ഷണങ്ങൾ എവിടെ നിന്ന് ലഭിക്കുന്നു എന്ന് തിരിച്ചറിയുന്നു (സസ്യം / മൃഗം )
- . ശുചിത്വമുള്ള ഭക്ഷണ ശീലങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുന്നു.

കലാ കായിക പ്രവൃത്തിപരിചയം

- ഭക്ഷ പദാർത്ഥങ്ങളുടെ ചിത്രങ്ങൾ വരയ്ക്കുകയും നിറം നൽകുകയും ചെയ്യുന്നു.
- കളിമണ്ണ് / മാവ് ഉപയോഗിച്ച് ഇഷ്ടപ്പെട്ട ഭക്ഷണസാധനങ്ങളുടെ മാതൃകകൾ നിർമ്മിക്കുന്നു.

യൂണിറ്റ് 6 പറക്കും വീട്

- വീടിന്റേയും പരിസരത്തിന്റേയും പ്രാധാന്യം മനസ്സിലാക്കുന്നു.
- •യാത്രകളെക്കുറിച്ചുള്ള അനുഭവങ്ങൾ പങ്കുവയ്ക്കുന്നു.
- വ്യത്യസ്ത തരം വീടുകളേയും വാഹനങ്ങളേയും കുറിച്ച് ധാരണ നേടുന്നു.
- ഭാവനാത്മകമായ രചനകളിൽ ഏർപ്പെടുന്നു (സ്വപ്നത്തിലെ വീട് / യാത്ര).

പരിസരപഠനം

- വീടുണ്ടാക്കാൻ ഉപയോഗിക്കുന്ന സാധനങ്ങൾ തിരിച്ചറിയുന്നു.
- വ്യത്യസ്തതരം ഗതാഗത മാർഗ്ഗങ്ങൾ മനസ്സിലാക്കുന്നു.

കലാകായിക പ്രവൃത്തിപരിചയം

- ഇഷ്ടപ്പെട്ട വീടിന്റെ ചിത്രം വരയ്ക്കുകയും നിറം നൽകുകയും ചെയ്യുന്നു.
- വാഹനങ്ങളുടെ ശബ്ദം അനുകരിക്കുകയും അഭിനയിക്കുകയും ചെയ്യുന്നു.

# *ഗണിതം*

പഠനലക്ഷ്യങ്ങൾ

യൂണിറ്റ്- 1 അടുക്കളയിലെ രൂപങ്ങൾ

- ചുറ്റുമുള്ള വസ്തുക്കൾ നിരീക്ഷിച്ച് വിവിധ രൂപങ്ങൾ (ദ്വിമാന, ത്രിമാന) തിരിച്ചറിയുക.
- വ്യത്യയസ്ത വരകൾ തിരിച്ചറിയുക.
- രൂപങ്ങൾക്ക് നിറം നൽകി പാറ്റേണുകൾ നിർമ്മിക്കുക.
- വിവിധ രൂപങ്ങൾ ചേർത്ത് പുതിയ ചിത്രങ്ങൾ രൂപീകരിക്കുക.
- രൂപങ്ങൾ വരയ്ക്കുകയും നിർമ്മിക്കുകയും ചെയ്യുക.

യൂണിറ്റ് - 2 ഒളിച്ചേ കണ്ടേ

- നിത്യജീവിതവുമായി ബന്ധപ്പെട്ട് 50 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുന്നു. പ്രശ്നങ്ങൾ പരിഹരിക്കുന്നു.
- 50 വരെയുള്ള സംഖ്യകൾ രൂപീകരിക്കുകയും വായിക്കുകയും എഴുതുകയും ചെയ്യുന്നു

യൂണിറ്റ്- 3 നല്ല നാടിനായ് നല്ല നാളെക്കായി

- നിത്യജീവിതവുമായി ബന്ധപ്പെട്ട് 200 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ
  വിശകലനം ചെയ്യുന്നു. പ്രശ്നങ്ങൾ പരിഹരിക്കുന്നു.
- 50 വരെയുള്ള സംഖ്യകൾ രൂപീകരിക്കുകയും വാായിക്കുുകയുംം എഴുതുകയും ചെയ്യുന്നു

യൂണിറ്റ് - 4 സമ്മാനപ്പൊതി

- നിത്യജീവിതവുമായി ബന്ധപ്പെട്ട് പ്രായോഗിക പ്രശ്നങ്ങളിൽ ഏർപ്പെട്ടു പരിഹാരം കണ്ടെത്തുന്നു.
- നോട്ടുകളും നാണയങ്ങളും - നിത്യജീവിതത്തിൽ ഇവയുടെ ആവശ്യകത ബോധ്യപ്പെടുന്നു.
- 100 രൂപ ചില്ലറയാക്കുന്നു എത്ര പത്തു രൂപ നോട്ടുകൾ വേണ്ടിവരുമെന്ന് കണ്ടെത്തുന്നു

യൂണിറ്റ് - 5 ഒന്നായ് ചേരാം ഒന്നായ് വളരാം

- 100 വരെയുള്ള സംഖ്യകൾ തുകയായി വരുന്ന രണ്ട് രണ്ടക്ക സംഖ്യകളുടെ സങ്കലനം മനക്കണക്കായി ചെയ്യുക.
- തുക 200 താഴെ വരുന്നതും രണ്ടക്കസംഖ്യകൾ മാത്രം ഉൾപ്പെടുന്നതുമായി പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനക്രിയ ഉപയോഗിക്കുന്നു.

# CLASS – 3

## *ENGLISH*

### Learning Objectives

**Unit 1 - TENDER TOUCH**

- Read and enjoy simple stories and poems
- Identity rhyming words
- Create conversation
- Solve puzzles
- Understand emotions
- Understand the names of households

**Unit -2 FESTIVE FUN**

- Identity fruits and vegetables
- Add more lines
- Recreate stories

**Unit -3 IN HARMONY**

- Fill up speach bubbles
- Write picture description
- Make riddles
- Write simple rhymes

**Unit- 4 BLOOMS AND BREEZE**

- Understand conjunctions
- Make slogans
- Write diary
- Solve puzzles

**Unit -5 HONESTY PAYS**

- Identity different jobs and tools
- Understand pronouns
- Recast story
- Write stories

# <u>*മലയാളം*</u>

## പഠന ലക്ഷ്യങ്ങൾ

**Unit 1 : കനകച്ചിലങ്ക**

- നാടൻ പാട്ടുകൾ/ വായ്ത്താരികൾ കേട്ടും ചൊല്ലിയും അതിലടങ്ങിയിരിക്കുന്ന താളമാസ്വദിക്കുന്നു
- നാടൻ പാട്ടുകളിൽ ഉപയോഗിച്ച വാക്കുകളുടെ കിലുക്കം,മുഴക്കം എന്നിവ കണ്ടെത്തുന്നു.
- ആവശ്യമായ സന്ദർഭങ്ങളിൽ വായ്ത്താരികൾ സ്വയം കണ്ടെത്തി ഉപയോഗിക്കുന്നു.
- കലാരൂപങ്ങളുടെ വർണ്ണരൂപ വൈവിധ്യങ്ങൾ കണ്ടെത്തുന്നു.
- അനുഭവങ്ങൾ ആവിഷ്കരിക്കുന്നതിന് ഉചിതമായ ഭാഷ ഉപയോഗിക്കുന്നു.
- .അനുഭവങ്ങളിലൂടെ നേടിയ ഭാഷാപരമായ അറിവുകൾ ഉചിതമായ വാചിക ലിഖിത അവസരങ്ങളിൽ ഉപയോഗിക്കുന്നു.
- ഈണം, താളം, ഘടനാപരമായ സവിശേഷതകൾ തുടങ്ങിയവയുള്ള കവിതകൾ കേട്ടും വായിച്ചും ആസ്വദിക്കുന്നു.
- കവിതകൾ ഈണത്തിലും താളത്തിലും ഭാവത്തിലും ഉച്ചാരണസ്ഫുടതയോടെ ചൊല്ലി അവതരിപ്പിക്കുന്നു.
- കവിതയിലെ കാവ്യഭംഗിയും പ്രയോഗ ഭംഗിയും തിരിച്ചറിയുന്നു.
- കവിതകളിൽ താളത്തിനും ആശയത്തിനും ചേരുന്ന വരികൾ കൂട്ടിച്ചേർക്കുന്നു.
- വാമൊഴി വഴക്കങ്ങൾ കണ്ടെത്തുന്നു.
- സ്വന്തം രചനയിൽ പ്രയോഗിക്കുന്നു.
- മനസ്സിൽ സ്പർശിച്ച അനുഭവങ്ങളും പ്രതികരണങ്ങളും അനുയോജ്യമായ പദങ്ങളും പ്രയോഗങ്ങളും ഉപയോഗിച്ച് ഡയറി ആയോ അനുഭവക്കുറിപ്പായി എഴുതുന്നു.
- സന്ദർഭങ്ങളിൽ നിന്ന് വാക്കുകളുടെ പ്രയോഗങ്ങളുടെ അർത്ഥം കണ്ടെടുക്കുന്നു.

**Unit 2 : പലഹാരപ്പൊതി**

- ആശയങ്ങൾ അഭിപ്രായങ്ങൾ പ്രതികരണങ്ങൾ എന്നിവ യുക്തിപൂർവ്വം അവതരിപ്പിച്ചുകൊണ്ട് ചർച്ചയിൽ പങ്കെടുക്കുകയും അഭിപ്രായം പ്രകടിപ്പിക്കുകയും ചെയ്യുന്നു.
- ചർച്ചയിൽ മറ്റുള്ളവർ പ്രകടിപ്പിക്കുന്ന യുക്തമായ അഭിപ്രായങ്ങളെ സ്വന്തം നിലപാടിനോട് കൂട്ടിച്ചേർക്കുന്നു.
- കഥ,വിവരണം തുടങ്ങിയ ഗദ്യഭാഗങ്ങൾ മനസ്സിൽ തട്ടുന്ന വിധം ഉചിതമായ ശബ്ദ വ്യതിയാനത്തോടെ വായിക്കുന്നു.
- വായിച്ച് കേട്ട ഗദ്യഭാഗങ്ങളിലെ ആശയങ്ങളെ വിശകലനം ചെയ്തു കണ്ടെത്തുന്നു.
- ഈണം താളം ഊന്നിലുകളിലുള്ള വ്യത്യാസം എന്നിവ പുലർത്തിക്കൊണ്ട് ആകർഷകമായി കവിത ചൊല്ലി അവതരിപ്പിക്കുന്നു.
- കേട്ട കഥ,കവിത എന്നിവയിലെ ആശയത്തെ പുറത്തെടുക്കുവാൻ പറ്റിയ ചോദ്യങ്ങൾ കണ്ടെത്തുന്നു.
- കഥാപാത്രത്തിന്റെ സ്വഭാവത്തിന് വികാരത്തിന് അനുസരിച്ച് ഭാവപ്രകടനവും ഭാഷണവും ഒത്തുചേർന്ന റോൾപ്ലേ അവതരിപ്പിക്കുന്നു.
- കവിതയെ വിമർശനാത്മകമായി സമീപിക്കുന്നതിന് ആവശ്യമായ ചോദ്യങ്ങൾ ചോദിക്കുന്നു.

- ചിത്രം വായിച്ച് ആശയം ഗ്രഹിക്കുന്നു.
- കവിതകളിൽ താളത്തിന് ആശയത്തിനും ചേരുന്ന വരികൾ കൂട്ടിച്ചേർക്കുന്നു.
- വാമൊഴി വഴക്കങ്ങൾ കണ്ടെത്തുന്നു സ്വന്തം രചനയിൽ പ്രയോഗിക്കുന്നു.
- സന്ദർഭത്തിന് പ്രമേയത്തിനും ഇണങ്ങുന്ന വൈകാരികഭാവം ഉൾപ്പെടുത്തിയ കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണം തയ്യാറാക്കി അവതരിപ്പിക്കുന്നു.
- അനുഭവങ്ങൾക്കും പ്രതികരണങ്ങൾക്കും ഊന്നൽ നൽകിക്കൊണ്ട് നിത്യേന ഡയറി തയ്യാറാക്കുന്നു.
- ഒരു സന്ദർഭത്തിന്റെ സത്ത ചോർന്നു പോകാതെ ചിത്രീകരണം നടത്തുന്നു.
- ആശയം അവതരിപ്പിക്കാൻ കഴിയും വിധം വാക്കും വരയും നിറവും ഉപയോഗിച്ചും ഉചിതമായ ലേഔട്ട് പാലിച്ചും പോസ്റ്റർ തയ്യാറാക്കുന്നു.
- സ്വന്തം ഭാഷാപ്രകടനത്തിലെ അനുയോജ്യമായ സന്ദർഭങ്ങളിൽ ചേർച്ചയുള്ള പഴഞ്ചൊല്ലുകൾ പ്രയോഗിക്കുന്നു.
- പുതിയ കടങ്കഥകൾ ഉണ്ടാക്കുന്നു.
- ചില പ്രത്യേക ആവശ്യങ്ങളും പ്രതികരണങ്ങളും ശക്തമായി അറിയുന്നതിന് സഹായകമായ കത്ത് തയ്യാറാക്കുന്നു.

**യൂണിറ്റ് 3 : മനുഷ്യന്റെ കൈകൾ**

- കവിതകളുടെ ദൃശ്യ ആവിഷ്കാരം നടത്തുന്നു.
- ഗദ്യഭാഗങ്ങൾ മനസ്സിൽ തട്ടുന്ന വിധം ഉചിതമായ ശബ്ദ വ്യതിയാനത്തോടെ വായിക്കുന്നു.
- വായിച്ചു കേട്ട ഗദ്യഭാഗങ്ങൾ വിശകലനം ചെയ്ത് ആശയങ്ങൾ കണ്ടെത്തുന്നു.
- സന്ദർഭങ്ങളിൽ നിന്ന് പുതിയ പദക്കൂട്ടുകൾ, പദങ്ങൾ എന്നിവയുടെ അർത്ഥം കണ്ടെത്തുന്നു.
- തൊഴിലുമായി ബന്ധപ്പെട്ട് ഉണ്ടായ പദങ്ങൾ,പ്രയോഗങ്ങൾ, ശൈലികൾ എന്നിവ കണ്ടെത്തുന്നു.
- വാക്കുകളെ അക്ഷരമാല ക്രമത്തിൽ ക്രമീകരിക്കുന്നു.
- ആശയങ്ങൾ ക്രമീകരിച്ച് ഖണ്ഡിക തിരിച്ചെഴുതുന്നു.
- കവിതകൾ ഈണത്തിലും താളത്തിലും ഭാവത്തിലും ഉച്ചാരണ സ്പുടതയോടെ ചൊല്ലി അവതരിപ്പിക്കുന്നു.
- ഉചിതമായ വാക്കുകൾ ചേർത്ത് കവിതയിൽ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭാഷാപ്രകടനങ്ങളെ സൂചകങ്ങൾക്കനുസരിച്ച് വിലയിരുത്തി മെച്ചപ്പെടുത്തുന്നു.
- സ്വന്തം ആശയങ്ങൾക്ക് ചിത്രീകരണം നടത്തുന്നു.
- ചിത്രങ്ങൾ വായിച്ച് അതിലടങ്ങിയ ആശയങ്ങൾ കണ്ടെത്തുന്നു.
- ചിത്രങ്ങൾ വായിച്ച് അവയുടെ സൗന്ദര്യം ശം കണ്ടെത്തുന്നു.
- ചിത്രങ്ങൾ ആസ്വദിച്ച് അവയെ ആധാരമാക്കി സർഗാത്മക രചനകളിൽ ഏർപ്പെടുന്നു.

# *ഗണിതം*

**പഠന ലക്ഷ്യങ്ങൾ**

**യൂണിറ്റ് - 1 രൂപങ്ങൾ വരയ്ക്കാം**

- ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിയുന്നു:
- ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തരംതിരിക്കുന്നു.
- ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ഉപയോഗിച്ച് വ്യത്യസ്ത രൂപങ്ങൾ നിർമ്മിക്കുന്നു.
- ത്രിമാന രൂപങ്ങൾ സവിശേഷതകൾക്ക് അനുസരിച്ച് തരംതിരിക്കുന്നു

**യൂണിറ്റ് - 2 സംഖ്യകൾ കൂട്ടുക**

- അക്കങ്ങളുടെ സ്ഥാനം തിരിച്ചറിഞ്ഞ് മൂന്നക്ക സംഖ്യകൾ വായിക്കുന്നു, എഴുതുന്നു
- ആയിരത്തിൽ നൂറുകളുടെ പത്തു കൂട്ടങ്ങൾ ഉണ്ടെന്ന് തിരിച്ചറിയുന്നു.
- മൂന്നക്ക സംഖ്യകളെ താരതമ്യം ചെയ്യുന്നു വലുപ്പത്തിനനുസരിച്ച് ക്രമീകരിക്കുന്നു.
- കൃത്യമായി എണ്ണുന്നു ഒരു കൂട്ടം വസ്തുക്കൾക്ക് നമ്പർ നൽകുന്നു.

**യൂണിറ്റ് - 3 ആയിരം.. ആയിരം**

- അക്കങ്ങളുടെ സ്ഥാനം തിരിച്ചറിഞ്ഞ് മൂന്നക്ക സംഖ്യകൾ വായിക്കുന്നു എഴുതുന്നു.
- അക്കങ്ങളുടെ സ്ഥാനം തിരിച്ചറിഞ്ഞ 2000 വരെയുള്ള നാലക്ക സംഖ്യകൾ വായിക്കുന്നു എഴുതുന്നു.
- നാണയങ്ങളുടെയും കറൻസികളിലെ മൂല്യം താരതമ്യം ചെയ്യുന്നു.
- സംഖ്യ ബന്ധങ്ങൾ കണ്ടെത്തുന്നു
- മൂന്നക്ക സംഖ്യകൾ രൂപീകരിക്കുന്നു.

**യൂണിറ്റ് 4 കൂട്ടുകൂടാം**

- രണ്ടുമൂന്നക്ക സംഖ്യകളുടെ സങ്കലനം ക്രിയ ചെയ്യുന്നതിന് വ്യത്യസ്ത വഴികൾ കണ്ടെത്തൽ
- സന്ദർഭ അനുസരണം മൂന്നക്ക സംഖ്യകളെ സ്ഥാനാവില അനുസരിച്ച് പിരിച്ചെഴുതി സങ്കലന ക്രിയ ചെയ്യൽ
- രണ്ട് മൂന്നക്ക സംഖ്യകളുടെ തുകയിൽ ഏറ്റവും വലുത് 1998 എന്ന് കണ്ടെത്തൽ

**യൂണിറ്റ് 5 അളന്നുകുറിക്കാം**

- നീളം അളക്കാനുള്ള ഉപകരണങ്ങൾ പരിചയപ്പെടൽ
- സെന്റീമീറ്റർ നീളമുള്ള വസ്തുക്കൾ പട്ടികപ്പെടുത്തൽ
- 100 സെന്റീമീറ്റർ വരെയുള്ള വസ്തുക്കൾ അളക്കൽ

**യൂണിറ്റ് 6 കൂട്ടി കൂട്ടിക്കൂട്ടി**

- പ്രായോഗിക സന്ദർശങ്ങളിലൂടെ പ്രശ്നം പരിഹരണത്തിനും ആവർത്തന സങ്കലനമാണ് ഗുണനം എന്ന് ബോധ്യപ്പെടൽ വിശദീകരിക്കൽ
- ഗുണനക്രിയകളെ സംഖ്യകളുടെ ക്രമം മാറിയാലും ഗുണനഫലത്തിൽ മാറ്റം ഉണ്ടാകുന്നില്ല എന്ന് തിരിച്ചറിയൽ
- പ്രശ്നങ്ങൾ പരിഹരിച്ച് ഗുണനക്രിയ ചെയ്യാൻ പ്രാപ്തരാകുന്നു.

**യൂണിറ്റ് 7 കുറയ്ക്കണോ കൂട്ടണോ**

- മൂന്നക്ക സംഖ്യകളുടെ വ്യവകലനക്രിയ ചെയ്യുന്നതിന് വ്യത്യസ്ത വഴികൾ കണ്ടെത്തൽ
- വ്യവകലനം ആയി ബന്ധപ്പെട്ട പാറ്റേണുകൾ രൂപീകരിക്കൽ
- വ്യവകലനക്രിയ ഉപയോഗിച്ച് നിർദ്ധാരണം ചെയ്യൽ

**യൂണിറ്റ് 8 ടിക് ടിക് ടിക്**

- ക്ലോക്ക് ഉപയോഗിച്ച് സമയം പറയൽ ചിത്രീകരിക്കൽ
- വാച്ച് ഉപയോഗിച്ച് സമയം തിരിച്ചറിയുന്നു.
- കലണ്ടർ നോക്കി ദിവസം, മാസം,വർഷം എന്നിവ തിരിച്ചറിയുന്നു

**യൂണിറ്റ് 9 വീണ്ടും വീണ്ടും കൂട്ടുമ്പോൾ**

- ആവർത്തന സങ്കലനമാണ് ഗുണനം എന്ന് ബോധ്യപ്പെടൽ
- ഗുണന വസ്തുക്കൾ രൂപീകരിക്കാനും പട്ടികപ്പെടുത്താനുള്ള ശേഷി നേടൽ

**യൂണിറ്റ് 10 പങ്കുവയ്ക്കാം**

- തുല്യം എണ്ണം കൂട്ടങ്ങൾ ആക്കുന്നു
- ആവർത്തന വ്യവകലനമാണ് ഹരണം എന്ന് ബോധ്യപ്പെടുന്നു
- ഹരണത്തെ ഗുണന വസ്തുതയുമായി ബന്ധപ്പെടുത്തി പ്രശ്നം പരിഹരണം നടത്തൽ

**യൂണിറ്റ് 11 കുപ്പിയിൽ എത്ര? സഞ്ചിയിൽ എത്ര?**

- ഉള്ളളവ് അളക്കുന്നതിനുള്ള വിവിധ ഉപകരണങ്ങൾ തിരിച്ചറിയുന്നു അവ ഉപയോഗിച്ച് അളക്കുന്നു
- ഒരു ലിറ്റർ വരെയുള്ള വസ്തുക്കൾ ഊഹിക്കാനും അളക്കാനും കഴിയുന്നു.
- മില്ലി ലിറ്ററിൽ ഉള്ള അളവുകൾ ലിറ്ററിലേക്ക് തിരിച്ചു മാറ്റാൻ കഴിയുന്നു.
- ഭാരം അളക്കുന്നതിനുള്ള വിവിധ ഉപകരണങ്ങൾ തിരിച്ചറിയുന്നു അവ
- ഉയോഗിച്ച് അളക്കുന്നു.

# <u>പരിസരപഠനം</u>

## പഠന ലക്ഷ്യങ്ങൾ

### യൂണിറ്റ് 1 – ഹരിത ഭൂമി

- സസ്യങ്ങളുടെ വ്യത്യസ്തത തിരിച്ചറിയാൻ സാധിക്കണം.
- ചുറ്റുപാടിലുള്ള സസ്യങ്ങൾ നിരീക്ഷിച്ച് അവയുടെ പ്രത്യേകതകൾ തിരിച്ചറിയുക.
- സസ്യങ്ങളുടെ വിഭിന്ന ഭാഗങ്ങൾ തിരിച്ചറിയാൻ കഴിയണം.
- ഇല, വിത്ത്, തണ്ട്, വേരുകൾ തുടങ്ങിയ ഭാഗങ്ങൾ തിരിച്ചറിയുക.
- സസ്യങ്ങൾ മനുഷ്യന് ഉണ്ടാകുന്ന പ്രയോജനങ്ങൾ മനസ്സിലാക്കുക.
- ഭക്ഷണം, മരുന്ന്, തടി വസ്തുക്കൾ, ഇന്ധനങ്ങൾ എന്നിവ സസ്യങ്ങൾ നൽകുന്ന സഹായങ്ങൾ ആണെന്ന് തിരിച്ചറിയുക
- പാരിസ്ഥിതിക സംരക്ഷണത്തിൽ സസ്യങ്ങളുടെ പങ്ക് വിലയിരുത്താൻ കഴിയണം.
- വൃക്ഷങ്ങൾ നൽകുന്ന സഹായങ്ങൾ തിരിച്ചറിയുക
- വ്യത്യസ്ത വൃക്ഷങ്ങൾ സംരക്ഷിക്കാനുള്ള മുൻകരുതലുകൾ അറിയുക.
- വൃക്ഷം നട്ടുപിടിപ്പിക്കൽ, പരിപാലനം, ജൈവ വളങ്ങൾ ഉപയോഗിക്കൽ തുടങ്ങിയവ.
- സ്വന്തം സ്കൂൾ പരിസരവും വീട്ടുപരിസരവും ഹരിതമാക്കാനുള്ള ശീലങ്ങൾ വളർത്തണം.
- ഗ്രോബാഗിൽ ചെടികൾ വളർത്തൽ, സ്കൂൾ കൃഷി പദ്ധതികളിൽ പങ്കാളിത്തം തുടങ്ങിയ പ്രവർത്തനങ്ങൾ

### യൂണിറ്റ് - 2 ജന്തുലോകത്തേക്ക്

- ജന്തുക്കളുടെ സവിശേഷതകൾ തിരിച്ചറിയാൻ കഴിയുക.
- വിവിധ ജന്തുക്കളുടെ ശാരീരിക പ്രത്യേകതകൾ മനസിലാക്കുക.
- ജന്തുക്കളുടെ ശരീരഭാഗങ്ങൾ, ഗതിച്ചലന രീതികൾ തുടങ്ങിയവ നിരീക്ഷിക്കുക .
- ജന്തുക്കളുടെ വാസസ്ഥലങ്ങൾ മനസിലാക്കുക:
- വന്യജീവികൾ എവിടെയെല്ലാം ജീവിക്കുന്നു എന്ന് തിരിച്ചറിയുക.
- ജലജീവികൾ, ഭൂജീവികൾ, ആകാശത്തിലൂടെ പറക്കുന്ന ജന്തുക്കൾ എന്നിവയുടെ വ്യത്യാസങ്ങൾ അറിയുക.
- ജന്തുക്കളുടെ ഭക്ഷണ ശീലങ്ങൾ തിരിച്ചറിയുക:
- സസ്യാഹാരികൾ, മാംസഹാരികൾ, മിശ്രഭക്ഷികൾ എന്നിവയെ തിരിച്ചറിയുക.
- മറ്റുള്ള ജീവികളുമായി ജന്തുക്കൾ എങ്ങനെ ഇടപെടുന്നു എന്ന് മനസിലാക്കുക
- പരസ്പര ആശ്രയത്വം മനസ്സിലാക്കുക.
- ജന്തുക്കളെ ആസ്പദമാക്കി വ്യത്യസ്ത പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ ആഗ്രഹം പ്രകടിപ്പിക്കുക.
- ജന്തു നിരീക്ഷണം, ചിത്രം വരയ്ക്കൽ, കഥപറച്ചിൽ, ശീലങ്ങൾ അവതരിപ്പിക്കൽ മുതലായവ.
- ജന്തുക്കളോടുള്ള കരുണയും പരിപാലന ചിന്തയും വളർത്തുക
- വനം സംരക്ഷണം, മൃഗക്ഷേമം എന്നിവയുടെ പ്രാധാന്യം മനസ്സിലാക്കുക.
- സുരക്ഷിത പരിസ്ഥിതിയിലുള്ള ജന്തു ജീവിതത്തിന്റെ ആവശ്യകത മനസിലാക്കുക.

## യൂണിറ്റ് - 3 ജലവും മണ്ണും

- ജലത്തിന്റെ പ്രാധാന്യവും ഉപയോഗങ്ങളും തിരിച്ചറിയുക
- ജീവിതത്തിനും അനേകം ആവശ്യങ്ങൾക്കുമായി ജലത്തിന്റെ ഉപയോഗം വിശദമാക്കുന്നു.
- ജലം എവിടെ നിന്നാണ് ലഭിക്കുന്നത് എന്നതിനെ കുറിച്ച് തിരിച്ചറിയുന്നു.
- ജലസംരക്ഷണത്തിന്റെ ആവശ്യകത ബോധ്യപ്പെടുക
- ജല ക്ഷാമം ഉണ്ടാകുന്ന സാഹചര്യം മനസ്സിലാക്കുന്നു.
- ജല സംരക്ഷണത്തിന് അനുകൂലമായ സമീപനങ്ങൾ പരിശീലിക്കുന്നു.
- മണ്ണിന്റെ ഉപയോഗങ്ങളും ആവശ്യകതകളും തിരിച്ചറിയുക
- കൃഷിക്കുള്ള മണ്ണിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു.
- ഭിന്നതയുള്ള മണ്ണുകളുടെ ഗുണവിശേഷതകളും തിരിച്ചറിയുന്നു.
- ജലവും മണ്ണും പരിസ്ഥിതിയുമായി എങ്ങനെ ബന്ധപ്പെട്ടു കിടക്കുന്നു എന്നതിനെക്കുറിച്ച് ചർച്ച ചെയ്യുക
- ജലവും മണ്ണും ജീവജാലങ്ങൾക്കുള്ള അധിഷ്ഠാനമാണെന്ന് കുട്ടികൾക്ക് ബോധ്യപ്പെടുന്നു.
- മണ്ണ് മലനമാകുന്നത് എങ്ങനെ പ്രകൃതിയെയും മനുഷ്യരെയും ബാധിക്കുന്നു എന്ന് ചിന്തിക്കുക.
- സ്വന്തം പ്രദേശത്തെ ജലസ്രോതസ്സുകളും മണ്ണിന്റെയും പ്രത്യേകതകളും മനസ്സിലാക്കുക
- കുട്ടികൾ അവരുടെ നാട്ടിൽ ലഭ്യമായ ജലസ്രോതസ്സുകളെയും വിവിധ മണ്ണിനങ്ങളും തിരിച്ചറിയുന്നു.അവയുടെ സംരക്ഷണത്തിന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- പരിശോധനകളും അനുഭവങ്ങളും വഴിയുള്ള അറിവ് വികസിപ്പിക്കുക:
- ജലവും മണ്ണും സംബന്ധിച്ചിട്ടുള്ള ലഘു പരീക്ഷണങ്ങൾ നടത്തുന്നു. അതിലൂടെ അവയുടെ ഗുണമേന്മയും തിരിച്ചറിയുന്നു

## യൂണിറ്റ് - 4 വൃത്തി നൽകും ശക്തി

- വൃത്തിയുടെയും ശുചിത്വത്തിന്റെയും ആവശ്യകത തിരിച്ചറിയാൻ കഴിയണം.
- വ്യക്തിപരവും പരിസരപരവുമായ ശുചിത്വം മനുഷ്യരുടെ ആരോഗ്യത്തിന് എത്രമാത്രം നിർണായകമാണ് എന്നു മനസ്സിലാക്കുന്നു.
- പൊതുശുചിത്വം സംരക്ഷിക്കാൻ ആവശ്യമായ ശീലങ്ങൾ വളർത്തണം.
- ചുറ്റുപാടും വീട്ടിലുമുള്ള വൃത്തിയും ശുചിത്വവും നിലനിർത്തുന്ന പ്രവർത്തനങ്ങൾ പരിശീലിക്കുന്നു.
- വൃത്തി ഇല്ലായ്മ മൂലം ഉണ്ടാകുന്ന രോഗങ്ങൾ തിരിച്ചറിയാൻ കഴിയണം.
- മലിനമായ വെള്ളം, ഭക്ഷണം, കാറ്റ് മുതലായവ വഴി പകരുന്ന രോഗങ്ങൾക്കുറിച്ച് അടിസ്ഥാന ധാരണ നേടുന്നു.
- തൊട്ടടുത്തുള്ള പരിസരം എങ്ങനെ മലിനമാകാതെ സംരക്ഷിക്കാമെന്ന് പഠിക്കുന്നു.

# <u>CLASS – 4</u>

## ***<u>ENGLISH</u>***

### Learning Objectives

**Unit - 1 BEYOND FEAR**

- Read and enjoy simple stories and poems
- Write diary
- Write notice
- Make conversation
- Identity rhyming words
- Understand to overcome an emergency situation

**Unit - 2 VOICES IN UNISON**

- Understand the value of togetherness
- Write picture description
- Express emotions
- Understand describing words
- Make riddles

**Unit - 3 PAGES OF WONDER**

- Make posters
- Understand conjunction
- Create their own book
- Write simple stories

# ***മലയാളം***

## പഠന ലക്ഷ്യങ്ങൾ

## യൂണിറ്റ് 1 : ചിറകുവിരിച്ച്

- ചിത്രങ്ങളിൽ അടങ്ങിയ വിവിധ സൂചനകളിൽ നിന്ന് ആശയങ്ങളെയും വികാരങ്ങളെയും വായിച്ചെടുക്കുന്നു.
- സവിശേഷമായ ഭാഷാപ്രയോഗങ്ങൾ കണ്ടെത്തുന്നു.
- പ്രയോഗങ്ങളുടെ ആശയം വിശദീകരിക്കുന്നു.
- യോജിച്ച പ്രയോഗങ്ങളെ ഉൾച്ചേടത്ത് സ്വന്തം പറച്ചിലും എഴുത്തും മികവുറ്റതാക്കുന്നു.
- ഉചിതമായ ഭാഷാപ്രയോഗങ്ങളിലൂടെ ചിത്രങ്ങളിൽ അടങ്ങിയ വിവിധ സൂചനകളെ പറഞ്ഞും എഴുതിയും പ്രകടിപ്പിക്കുന്നു.
- ചിത്രങ്ങൾ വായിച്ച് അവയിൽ മറഞ്ഞു കിടക്കുന്ന സൗന്ദര്യം ശങ്ങൾ കണ്ടെത്തുന്നു.
- സ്വന്തം രചനകളിൽ താളാത്മകമായ വാക്കുകൾ കണ്ടെത്തി പ്രയോഗിക്കുന്നു .
- രചനകൾ വായിച്ച് അവയിൽ മറഞ്ഞു കിടക്കുന്ന ആശയങ്ങൾ കണ്ടെത്തുന്നു.
- അനുഭവങ്ങൾ ഭാവാത്മകമായി പറഞ്ഞ അവതരിപ്പിക്കുന്നു.
- ആശയങ്ങളും വികാരങ്ങളും പ്രതിഫലിപ്പിക്കാൻ വിധം ഭാവാത്മകമായി വായിക്കുന്നു.
- യാത്ര അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു.
- രചനകളെ വിശകലനം ചെയ്യുന്ന ചർച്ചകളിൽ ഏർപ്പെട്ട് വിവിധ വ്യവഹാര രൂപങ്ങളുടെ സൂചകങ്ങൾ വികസിപ്പിക്കുന്നു.
- സ്വന്തം രചനകളിൽ ഭാഷാവസ്തുതകൾ ശൈലികൾ പ്രയോഗങ്ങൾ എന്നിവ ഉചിതമായി പ്രയോഗിക്കുന്നു.
- വരികളെ താളത്തിൽ ആകുമ്പോൾ താളത്തിന് ചേരുന്ന വാക്കുകൾ തെരഞ്ഞെടുക്കേണ്ടി വരും.
- കവിത തയ്യാറാക്കുമ്പോൾ താളത്തിനും ആശയത്തിനും ഭാവത്തിനും ചേർന്ന വാക്കുകളും പ്രയോഗങ്ങളുമാണ് തിരഞ്ഞെടുക്കേണ്ടത്.
- ചിഹ്നങ്ങൾ ഉപയോഗിക്കുന്നതിന്റെ ഔചിത്യവും പ്രസക്തിയും കണ്ടെത്തുന്നു.
- .അർത്ഥവും ഭാവവും തിരിച്ചറിഞ്ഞ് സംഭാഷണങ്ങൾ നിർമ്മിക്കുന്നു. ആശയം, വികാരം എന്നിവ പങ്കിടുന്ന മട്ടിൽ പറഞ്ഞും വായിച്ചും അവതരിപ്പിക്കുന്നു.

### യൂണിറ്റ് 2 : ഇനിയും മുന്നോട്ട്

- ഉചിതമായ താളം കണ്ടെത്തി കവിത ഭാവാത്മകമായി ചൊല്ലി അവതരിപ്പിക്കുന്നു.
- രചനകൾ വായിച്ച് അവയിൽ മറഞ്ഞു കിടക്കുന്ന ആശയങ്ങൾ കണ്ടെത്തുന്നു.
- വിവിധ വ്യവഹാര രൂപങ്ങൾ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു.
- ഭാവാത്മകമായി പറഞ്ഞു വായിച്ചും അവതരിപ്പിക്കുന്നു.

- ആശയം,അവതരണം, സന്ദർഭം, ഭാഷാപ്രയോഗങ്ങൾ എന്നിവയിലുള്ള സാമ്യങ്ങളും വ്യത്യാസങ്ങളും മനസ്സിലാക്കണം.
- ഉൾക്കൊണ്ട ജീവിത അനുഭവങ്ങളും മൂല്യങ്ങളും സ്വന്തം രചനകളിൽ ആവിഷ്കരിക്കുക.
- പാഠഭാഗത്തിലെ പുതിയ പദങ്ങൾ പദ ചേരുവകൾ സവിശേഷമായ വാക്യ മാതൃകകൾ തുടങ്ങിയവ നൂതന സന്ദർഭത്തിൽ പ്രയോഗിക്കുന്നു.
- മനസ്സിൽ തട്ടുന്ന കാഴ്ചകളെ വാക്കുകളിലൂടെ ചിത്രങ്ങളായ ആവിഷ്കരിക്കുക.
- വർണ്ണനകളും വാങ്മയ ചിത്രങ്ങളും തയ്യാറാക്കുക.
- കവിതകൾ ചൊല്ലി രസിക്കുന്നു.സമാന കവിതകൾ ശേഖരിക്കുന്നു.
- കഥ വായിച്ച് ആശയം, പ്രയോഗ വിശേഷങ്ങൾ, ആഖ്യാനരീതി എന്നിവ കണ്ടെത്തുന്നു.

**യൂണിറ്റ് 3 : കാറ്റെ കടലേ**

- ചിത്രങ്ങളിൽ അടങ്ങിയ എഴുതിയ സൂചനകളിൽ നിന്ന് ആശയങ്ങളെയും വികാരങ്ങളെയും വായിച്ചെടുക്കുന്നു.
- സവിശേഷമായ ഭാഷാപ്രയോഗങ്ങൾ കണ്ടെത്തുന്നു.
- രചനകളെ വിശകലനം ചെയ്യുന്ന ചർച്ചകളിൽ ഏർപ്പെട്ട് വിവിധ വ്യവഹാര രൂപങ്ങളുടെ സൂചകങ്ങൾ വികസിപ്പിക്കുന്നു.
- വരികളെ താളത്തിന് ആകുമ്പോൾ താളത്തിന് ചേർന്ന് വാക്കുകൾ തിരഞ്ഞെടുക്കേണ്ടിവരും.
- ഭാവാത്മകമായി വായിച്ചും പറഞ്ഞു അവതരിപ്പിക്കുന്നു.
- കഥാപാത്രങ്ങളുടെ പെരുമാറ്റം, സ്വഭാവം, പ്രതികരണങ്ങൾ എന്നിവ വിശകലനം ചെയ്യുന്നു.
- പൂക്കളെക്കുറിച്ചും പ്രകൃതിയെ കുറിച്ചും മനസ്സിലാക്കിയ കാര്യങ്ങൾ വ്യവഹാര രൂപത്തിൽ ആവിഷ്കരിക്കുന്നു.
- കവിത വായിച്ച് ഭാവം കണ്ടെത്തി ഉചിതമായ താളം, ഈണം എന്നിവയോടെ അവതരിപ്പിക്കുന്നു.
- സർഗാത്മക രചനകൾ, ആശയങ്ങൾ, ഭാവം എന്നിവയ്ക്കനുസരിച്ച് ഭാവാത്മകമായി വായിച്ച് അവതരിപ്പിക്കുകയും ആസ്വദിക്കുകയും ചെയ്യുക.

# ***ഗണിതം***

## പഠന ലക്ഷ്യങ്ങൾ

### യൂണിറ്റ് 1 വരകൾ രൂപങ്ങൾ

- ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിയുന്നു
- ചതുരത്തിന് നാലുവശങ്ങളും നാലും മൂലകളും ഉണ്ടെന്ന് തിരിച്ചറിയുന്നു
- ചതുരത്തിന്റെ നാലുമൂലകളും ഒരുപോലെയാണെന്ന് മനസ്സിലാക്കുന്നു.

### യൂണിറ്റ് 2 ആയിരവും കടന്ന്

- സംഖ്യാ ബന്ധം തിരിച്ചറിയൽ പാറ്റേൺ രൂപീകരണം
- സംഖ്യാ ബോധം അക്കത്തിലും അക്ഷരത്തിലും എഴുതൽ
- യുക്തിചിന്ത,സംഖ്യാബോധം
- സംഖ്യാബോധം താരതമ്യം
- പ്രശ്നനിർധാരണശേഷി

### യൂണിറ്റ് - 3 എത്രയെത്ര സംഖ്യകൾ

- സ്ഥാന വില തിരിച്ചറിയുന്നു.
- സന്ദർഭത്തിനനുസരിച്ച് സംഖ്യയെ തിരിച്ചു പറയാനും വ്യാഖ്യാനിക്കാനുള്ള ശേഷി നേടുന്നു
- സംഘ്യയുടെ വലിപ്പം തിരിച്ചറിയുന്നു.
- സ്ഥാനവില മാറുന്നത് അനുസരിച്ച് സംഖ്യയുടെ  വില മാറുന്നു
- സ്ഥാനവില തിരിച്ചറിയുന്നു
- സ്ഥാനവിലയ്ക്കനുസരിച്ച് സംഖ്യകൾ പിരിച്ചെഴുതുന്നു

### യൂണിറ്റ് 4 കൂടുന്ന കൂട്ടം

- രണ്ടു നാലക്ക സംഖ്യകളുടെ സങ്കൽപക്രിയ ചെയ്യുന്നതിന് വ്യത്യസ്ത വഴികൾ കണ്ടെത്തൽ
- മൂന്നുനാല്ക്ക് സംഖ്യകളുടെ സങ്കലന ക്രിയ ചെയ്യുക.
- രണ്ട് നാലക്ക സംഖ്യകളുടെ തുകയിൽ ഏറ്റവും വലുത് 199898 എന്ന് തിരിച്ചറിയുന്നു

### യൂണിറ്റ് 5  നേരമായി

- ക്ലോക്ക് വാച്ച് നോക്കി സമയം അറിയുന്നു, പറയുന്നു
- സെക്കൻഡ്, മിനിറ്റ്,മണിക്കൂർ എന്നിവ തിരിച്ചറിയുന്നു.
- ക്ലോക്ക് നിർമാണം
- നിശ്ചിത സമയങ്ങൾക്കിടയിലുള്ള സമയദൈർഘ്യം കണ്ടെത്തുന്നു.

### യൂണിറ്റ് 6  കുറയുന്ന കൂട്ടം

- രണ്ട് നാലക്ക സംഖ്യകളുടെ വ്യപകലനക്രിയ ചെയ്യുന്നതിന് വ്യത്യസ്ത വഴികൾ കണ്ടെത്തൽ
- ഒരു നാലക്ക സംഖ്യയിൽ നിന്ന് മൂന്നക്ക സംഖ്യ കുറയ്ക്കുന്നതിനുള്ള കണ്ടെത്തൽ
- നാലക്ക സംഖ്യകളുടെ സ്ഥാന വിലയ്ക്ക് അനുസരിച്ച് പിരിച്ചെഴുതി വ്യവകലനക്രിയ ചെയ്യുന്നു.

# പരിസരപഠനം

## പഠനലക്ഷ്യങ്ങൾ

### യൂണിറ്റ് 1 ജീവികളും ചുറ്റുപാടും

- വ്യത്യസ്ത ജീവികളുടെ ചുറ്റുപാടുകൾ തിരിച്ചറിയാൻ
- മരഭൂമി, കാടുകൾ, ജലാശയങ്ങൾ തുടങ്ങിയ വിവിധ വാസസ്ഥലങ്ങളിൽ ജീവിക്കുന്ന ജീവികളെ തിരിച്ചറിയുന്നു.
- ജീവികളും അവയുടെ ചുറ്റുപാടും തമ്മിലുള്ള ബന്ധം മനസ്സിലാക്കാൻ
- ഒരു ജീവിക്ക് ആവശ്യമുള്ള താപനില, ആഹാരം, ജലം, വാസസ്ഥലം എന്നിവ ചുറ്റുപാടിൽ എങ്ങനെ ലഭിക്കുന്നു എന്നത് തിരിച്ചറിയുന്നു.
- ചുറ്റുപാടിന്റെ വ്യത്യാസമനുസരിച്ച് ജീവികളുടെ ശാരീരിക സ്വഭാവങ്ങൾ വ്യത്യാസപ്പെടുന്നുണ്ടെന്ന് അറിയാൻ
- തണുത്ത പ്രദേശങ്ങളിൽ മുടിയുള്ള ജീവികൾ, വെള്ളത്തിൽ നീന്താൻ അനുയോജ്യമായ ശരീരമുള്ള മത്സ്യങ്ങൾ തുടങ്ങിയ ഉദാഹരണങ്ങൾ വഴി.
- ജീവികളുടെ ആവാസ വ്യവസ്ഥയെ ബാധിക്കുന്ന മാനുഷിക പ്രവർത്തനങ്ങളെ തിരിച്ചറിയാൻ
- വനം നശീകരണം, മലിനീകരണം എന്നിവ പ്രകൃതിയിൽ ഉണ്ടായിക്കുന്ന പ്രതികൂലമായ മാറ്റങ്ങൾ.
- ചുറ്റുപാട് സംരക്ഷണത്തിനുള്ള ഉത്തരവാദിത്വബോധം വളർത്താൻ
- പ്രകൃതിയോട് കൃതജ്ഞതയും സഹവർത്തിത്വവും പുലർത്താൻ തയ്യാറാവുന്നു.
- നിരീക്ഷണശേഷിയിലൂടെ തന്റെ പരിസരത്തുള്ള ജീവികൾ കളെ കുറിച്ച് അവബോധം വളർത്താൻ
- പരിസരത്ത് കാണുന്ന ജീവികളെ കുറിച്ച് നിരീക്ഷിച്ചു വിവരങ്ങൾ ശേഖരിക്കുക
- ചുറ്റുപാടിനെ കുറിച്ച് സംശയങ്ങൾ ചോദിക്കാനും വിശദീകരിക്കാനും കഴിവുണ്ടാകാൻ
- എങ്ങനെ ഒരു ജീവി അതിന്റെ ചുറ്റുപാടിൽ ജീവിക്കുന്നു എന്നത് വിശദമായി ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു.

### യൂണിറ്റ് - 2 ഇന്ത്യയെന്റെ രാജ്യം

- ഇന്ത്യയുടെ ഭൂമിശാസ്ത്രം, ഭൗതിക ആകൃതി, അതിന്റെ വ്യത്യാസങ്ങൾ തിരിച്ചറിഞ്ഞ് വിശദമായി വിവരിക്കുക .
- ഇന്ത്യൻ ദേശീയ ചിഹ്നങ്ങൾ, പതാക, രാഷ്ട്രഗാനം മൂല്യങ്ങൾ എന്നിവ തിരിച്ചറിയുകയും അവയുടെ പ്രാധാന്യം മനസ്സിലാക്കുകയും ചെയ്യുക
- രാജ്യം, രാജ്യഭാഷ, നമ്മുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും, എന്നീ തത്ത്വങ്ങളെ മനസ്സിലാക്കുക
- സ്വകാര്യതയിലും പൊതുജീവിതത്തിലും ഭാരതീയ ഐക്യത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് വിശദീകരിക്കുക .
- ഭൂപടം ഉപയോഗിച്ച് ഇന്ത്യയുടെ സ്ഥാനം, അതിന്റെ അതിർരേഖകൾ, പ്രധാന പോളിറ്റിക്കൽ കേന്ദ്രങ്ങൾ, സംസ്ഥാനങ്ങൾ എന്നിവ തിരിച്ചറിയാൻ കഴിയും .
- ജാഗ്രതയും ഉത്തരവാദിത്തബോധവുമുള്ള ഒരു ഇന്ത്യക്കാരനായി എങ്ങനെ പെരുമാറണമെന്ന് വിശദമായി ചിന്തിച്ച് പ്രവർത്തിക്കുക .
- ഇന്ത്യയുടെ ഭൗതിക ഭൂപടത്തിൽ സുഗമമായി സ്ഥലം കണ്ടെത്താനും, ജില്ലകളോ, സംസ്ഥാനങ്ങളോ തിരിച്ചറിയാനും കഴിവുണ്ടാകുക.

- വ്യക്തിഗത അവകാശങ്ങളും ഉത്തരവാദിത്വങ്ങളും ശാസ്ത്രീയമോ നിയമപരമോ ആയ വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ വിവരിക്കാൻ കഴിവു നേടുക

**യൂണിറ്റ് - 3 ചിറകുള്ള കൂട്ടുകാർ**

- പക്ഷികളെ തിരിച്ചറിയാൻ കഴിയുക
- കുട്ടികൾക്ക് തനിക്കിടയിലുള്ള സാധാരണപ്പെട്ട പക്ഷികളെ തിരിച്ചറിയാൻ കഴിയുക
- പക്ഷികളുടെ ചില പ്രത്യേകതകൾ മനസ്സിലാക്കുക.
- പറക്കൽ, കാലുകൾ, കൊക്കുകൾ, ഭക്ഷണശീലങ്ങൾ തുടങ്ങിയ പ്രത്യേകതകൾ അറിയുക.
- പക്ഷികളുടെ ആവാസവ്യവസ്ഥയെ കുറിച്ച് പഠിക്കുക.
- പക്ഷികൾക്ക് ഇഷ്ടമുള്ള പ്രകൃതിസഹജമായ പരിസ്ഥിതിയെ കുറിച്ച് അറിവ് നേടുക.
- പക്ഷികളുടെ സംരക്ഷണത്തിന്റെ ആവശ്യകത തിരിച്ചറിയുക.
- പക്ഷികൾ ഇല്ലാതാകുമ്പോൾ പരിസ്ഥിതിയ്ക്കുണ്ടാകുന്ന ദോഷങ്ങൾ തിരിച്ചറിയുക.
- പ്രാദേശികതലത്തിൽ കാണുന്ന വലുതും ചെറുതുമായ പക്ഷികളുമായി പരിചയം നേടുക.
- പക്ഷികളെ കാണുന്നതിനും അവയെക്കുറിച്ച് നിരീക്ഷിക്കുന്നതിനും താൽപര്യം പുലർത്തുക.
- പരിസ്ഥിതി സംരക്ഷണത്തിൽ പങ്കാളികളാകാനുള്ള മനോഭാവം വളർത്തുക.
- പാഠഭാഗം വായിച്ച് ആശയങ്ങൾ വിശദീകരിക്കാനുള്ള കഴിവ് പ്രകടിപ്പിക്കുക.

**യൂണിറ്റ് - 4 കലാകേരളം**

- കേരളത്തിലെ വിവിധ കലാരൂപങ്ങളെ പരിചയപ്പെടുക
- നാടോടി കലകൾ, നാടകം, സംഗീതം, നൃത്തം തുടങ്ങിയ കലാരൂപങ്ങളെ തിരിച്ചറിയാൻ കഴിയുക
- കലാരൂപങ്ങളുടെ പ്രത്യേകതകളും ആവിഷ്കാരരീതികളും തിരിച്ചറിയുക.
- ഓരോ കലാരൂപത്തിന്റെയും ആസ്വാദ്യശൈലി, വേഷഭൂഷ, ഉപകരണങ്ങൾ എന്നിവ മനസ്സിലാക്കുക
- കലയുടെ ചരിത്രപരവും സാംസ്കാരികവും ആയ ഗൗരവം ഉൾക്കൊള്ളുക.
- പരമ്പരാഗത കലാരൂപങ്ങൾ കേരളത്തിന്റെ സംസ്കാരത്തിന്റെ ഭാഗമാണെന്ന ബോധം വളർത്തുക.
- ജനകലയെ മാന്യമായ രീതിയിൽ സമീപിക്കാൻ വിദ്യാഭ്യാസം നൽകുക.
- നാടൻ കലകളെ അപമാനമല്ലാതെ, അഭിമാനമായി കാണാൻ കുട്ടികളെ പ്രേരിപ്പിക്കുക.
- കലയെ സാമൂഹിക ജീവിതവുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യാൻ സഹായിക്കുക.
- കലാ രൂപങ്ങൾയുടെ സാമൂഹിക പശ്ചാത്തലം മനസ്സിലാക്കാൻ പ്രേരിപ്പിക്കുക.
- പ്രാദേശിക കലാകാരന്മാരെ ആദരിക്കാനും അവരുടെ സംഭാവനകൾ തിരിച്ചറിയാനും പ്രോത്സാഹിപ്പിക്കുക.
- സ്വന്തം മേഖലയിൽ ഉള്ള കലാരൂപങ്ങളെ കണ്ടെത്താനും, അനുഭവപെടുത്താനും പ്രേരിപ്പിക്കുക.
- സംഘമായുള്ള ചർച്ച, അവതരണം തുടങ്ങിയ പ്രവർത്തികളിലൂടെ കലാപാഠങ്ങൾ ആഴത്തിൽ മനസ്സിലാക്കുക

# അറബിക്

## 1. അറബിക് മധുരം:

എഴുത്ത്, വായന:

ലക്ഷ്യം: അറബിക് ഭാഷയിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി

- ടെസ്റ്റ് നടത്തി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.
- അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പൈന്ററിൽ അക്ഷരങ്ങൾ നല്കി കുട്ടികൾ നിറം നല്കുക
- ഓരോ കുട്ടികള്ക്കും ഓരോ ടാബ് വീതം നല്കി ഇൻസ്റ്റാൾ ചെയ്ത അക്ഷര ഗൈമുകൾ നല്കുന്നു. അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ ഗൈമിലൂടേ ആസ്വധിച്ച് അക്ഷരങ്ങൾ പഠിക്കുന്നു
- പ്രത്യേകം തെയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് "അറബിക് മധുരം" ക്ലാസ് നല്കുക

## 2. വായനാ ലോകം

ലക്ഷ്യം: നല്ല വായനക്കാരനാക്കുക

- കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ

1. തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)

പുസ്തകങ്ങൾ:

- ചിത്ര കഥ (അറബിക്)
- കഥ പുസ്തകം (അറബിക്)
- കുട്ടിക്കവിതകൾ (അറബിക്)
